പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4504 — 20/10/2011 - ൽ മറുപടിക്ക്

## നോക്കുകൂലി പ്രശ്നങ്ങളിന്മേൽ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി. സതീശൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, അൻവർ സാദത്ത്<br>,, ഐ.സി. ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് നോക്കുകൂലി പ്രശ്നങ്ങളിൽ ആഭ്യന്തര വകുപ്പ് എങ്ങനെയാണ് ഇടപെടാൻ ഉദ്ദേശിക്കുന്നത്; | സാധാരണയായി തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടാറില്ല. എന്നാൽ തൊഴിൽ തർക്കങ്ങൾ അക്രമത്തിലേക്ക് മാറുകയും ക്രമസമാധാന പ്രശ്നമായി തീരുകയും ചെയ്യുമ്പോൾ പോലീസ് ഇടപെട്ട് നിയമനടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) ഇത്തരം പ്രശ്നങ്ങളിൽ നിലവിലുള്ള ഏതു നിയമം വഴിയാണ് കേസ്സ് ചാർജ്ജ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;<br>(സി) സംസ്ഥാനത്ത് ആദ്യ ഘട്ടത്തിൽ എവിടെയൊക്കെയാണ് ഇത്തരം കേസ്സുകളിൽ നടപടിയെടുക്കാനുദ്ദേശിക്കുന്നത്;<br>(ഡി) സംസ്ഥാനം മുഴുവനും ഇതു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) (സി) & (ഡി) ഇത് സംബന്ധിച്ച് പരാതിലഭിക്കുമ്പോൾ 1983 ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35-ാം ഖണ്ഡിക പ്രകാരമുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചു വരുന്നു. ഇത് സംസ്ഥാനത്തുടനീളം ബാധകമാണ്. |

സെക്ഷൻ ഓഫീസർ